14 -ാം കേരള നിയമസഭ

22 -ാം സമ്മേളനം

നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2299 — 21-01-2021 - ൽ മറുപടിയ്ക്ക്

സംസ്ഥാനത്തിന്റെ സാമ്പത്തികസ്ഥിതി

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എ. പ്രദീപ് കുമാർ | | Dr. T. M. Thomas Isaac<br>(ധനകാര്യവും കയറും വകുപ്പുമന്ത്രി) | |
| (എ) | ഈ സർക്കാർ അധികാരത്തിൽ വരുമ്പോൾ സംസ്ഥാനത്തിന്റെ സാമ്പത്തിക സ്ഥിതി (ക്ഷേമപെൻഷൻ കുടിശ്ശികയും കരാർക്കാർക്ക് നൽകാനുണ്ടായിരുന്ന തുകയുമടക്കം) എന്തായിരുന്നെന്ന് വ്യക്തമാക്കുമോ; | (എ) | ഈ സർക്കാർ അധികാരം ഏറ്റെടുക്കുമ്പോൾ അഴിമതിയും സ്വജനപക്ഷപാതവും നികുതി ഭരണത്തിലെ കെടുകാര്യസ്ഥതയും മൂലം സംസ്ഥാന ഖജനാവിന്റെ സ്ഥിതി അത്യന്തം ഗുരുതരമായിരുന്നു. കൂടാതെ മുൻസർക്കാർ വരുത്തിയ കൊടുത്തുതീർക്കുവാനുണ്ടായിരുന്ന ബാദ്ധ്യത സ്ഥിതി കൂടുതൽ വഷളാക്കിയിരുന്നു. ദീർഘകാല ബാദ്ധ്യതയ്ക്കു പുറമേ അടിയന്തിര ഹ്രസ്വകാല ബാദ്ധ്യതകൾ ഉൾപ്പെടെ ഏകദേശം 11295.67 കോടി രൂപയായിരുന്നു വിവിധ ഇനങ്ങളിൽ കുടിശ്ശികയായിരുന്നത്. വിശദാംശം ചുവടെ ചേർക്കുന്നു. |
| (ബി) | തുടർച്ചയായുണ്ടായ രണ്ട് പ്രളയദുരന്തങ്ങളും നിപ്പയും കോവിഡും ഉണ്ടായ സാഹചര്യത്തിൽ പോലും സംസ്ഥാനത്തിന്റെ വികസന-ക്ഷേമ പ്രവർത്തനങ്ങൾക്ക് തടസ്സം വരാത്ത വിധം മികച്ച നിലയിൽ സാമ്പത്തിക ഇടപാടുകൾ നടത്തുന്നതിന് എങ്ങനെയാണ് സാധിച്ചത്; | (ബി) | വരുമാനവും ചെലവും തമ്മിലുള്ള പൊരുത്തക്കേട് തുടരുന്ന സ്ഥിതി കുറേക്കാലമായി സംസ്ഥാനം അനുഭവിച്ച് പോരുന്നുണ്ട്. തുടർച്ചയായുണ്ടായ രണ്ട് പ്രളയദുരന്തങ്ങളും നിപ്പയും കോവിഡും സ്ഥിതി കൂടുതൽ സങ്കീർണ്ണമാക്കി. ടി പ്രിതിസന്ധിക്ക് പരിഹാരം കാണുന്നതിനുള്ള വ്യക്തമായ റോഡ് മാപ്പ് തയ്യാറാക്കിയാണ് സർക്കാർ പ്രവർത്തിക്കുന്നത്. തത്ഫലമായി വികസന ക്ഷേമ പ്രവർത്തനങ്ങൾ ഭംഗം കൂടാതെ മുന്നോട്ട് കൊണ്ടു പോകുന്നതിന് സാധിച്ചിട്ടുണ്ട്. |
| (സി) | ഇതിനായി എത്രതുക കടമെടുക്കേണ്ടി വന്നുവെന്ന് അറിയിക്കുമോ; | (സി) | വായ്പയെടുത്ത മുഴുവൻ തുകയും സംസ്ഥാനത്തിന്റെ സഞ്ചിതനിധിയിൽ വകയിരുത്തിയാണ് ചെലവുകൾക്കായി വിനിയോഗിക്കപ്പെടുന്നത്. സഞ്ചിത നിധിയിൽ മറ്റു വരുമാനങ്ങൾ കൂടി ഉൾപ്പെടുന്നതിനാൽ വായ്പയെടുത്ത തുക ഏതൊക്കെ ചെലവുകൾക്കായി എത്ര വീതം വിനിയോഗിക്കപ്പെട്ടെന്ന് വേർതിരിക്കാനാവില്ല. |
| (ഡി) | കോവിഡിന് മുൻപും കോവിഡിനെ തുടർന്നും സംസ്ഥാനത്തിന്റെ നികുതി-നികുതിയേതര | (ഡി) | അക്കൗണ്ടന്റ് ജനറലിന്റെ താൽക്കാലിക കണക്കുകൾ പ്രകാരം നടപ്പ് സാമ്പത്തിക വർഷം, |

| | | | |
|---|---|---|---|
| | വരുമാനത്തിലുണ്ടായിട്ടുള്ള വ്യത്യാസം എത്രയാണ്? | | 2020 നവംബർ 30 വരെയുള്ള കാലയളവിലെ സംസ്ഥാനത്തിന്റെ ആകെ റവന്യൂ വരുമാനം 52057 കോടി രൂപയാണ്. മുൻ വർഷത്തെ ഇതേ കാലയളവിനെ അപേക്ഷിച്ച് സംസ്ഥാനത്തിന്റെ തനത് നികുതി വരുമാനത്തിൽ 23.04% ന്റെയും, നികുതിയേതര വരുമാനത്തിൽ 65.55% ന്റെയും, കേന്ദ്ര നികുതി വിഹിതത്തിൽ 38.49% ന്റെയും ഇടിവ് ഉണ്ടായിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ

| ക്രമ നം | ഇനം | തുക (കോടിയിൽ) |
|---|---|---|
| അടിയന്തിര ബാദ്ധ്യത | | |
| 1 | ഇ-ലാംസ് | 1431.00 |
| 2 | ട്രഷറി ക്യൂ | 100.00 |
| 3 | വെയ്സ് & മീൻസ് ക്ലിയറൻസിനായി കിടന്നവ | 450.00 |
| 4 | സാമൂഹ്യ സുരക്ഷാ പെൻഷൻ | 1473.67 |
| 5 | ബാങ്കുകൾക്കും കരാറുകാർക്കും നൽകാനുള്ളത് | 1632.00 |
| 6 | സ്ഥാപനങ്ങളിൽ നിന്നും ലഭിച്ച ഡിപ്പോസിറ്റുകൾ | 1365.00 |
| 7 | ഭൂമി ഏറ്റെടുക്കൽ വില നൽകേണ്ടത് | 250.00 |
| 8 | മറ്റു പെൻഷനുകൾ | 268.00 |
| ബഡ്ജറ്റിൽ വകയിരുത്താത്ത ഹ്രസ്വകാല ബാദ്ധ്യതകൾ | | |
| 9 | ഫ്ലാഗ്ഷിപ് റോഡ് പദ്ധതി | 1620.00 |
| 10 | ബജറ്റ് വിഹിതത്തിനതീതമായി ഭരണാനുമതി നൽകിയ മരാമത്തു പദ്ധതികൾ | 1199.00 |
| 11 | സർക്കാർ ഇതര ജീവനക്കാരുടെ ശമ്പള പരിഷ്കരണ കുടിശ്ശിക | 500.00 |
| 12 | നെല്ല് സംഭരണം | 471.00 |
| 13 | വിപണി ഇടപെടൽ | 536.00 |
| ആകെ | | 11295.67 |